# فوائد صيانة اللسان

# നാവിനെ സൂക്ഷിച്ചാൽ ലഭ്യമാകുന്ന നേട്ടങ്ങൾ


ശൈഖ് അബ്ദുൽ റസാഖ് അൽബദ്ർ
حفظه الله

ആശയ വിവർത്തനം
അനസ് അലി ബിൻ അബ്ദിറഹ്മാൻ
وفقه الله

# ആമുഖം

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ

അല്ലാഹു നമുക്ക് നൽകിയ അനേകായിരം അനുഗ്രഹങ്ങൾ ആസ്വദിച്ച് കൊണ്ടാണ് നാമേവരും ജീവിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു പറയുന്നു:

وَإِن تَعُدُّواْ نِعۡمَةَ ٱللَّهِ لَا تُحۡصُوهَآۗ إِنَّ ٱللَّهَ لَغَفُورٞ رَّحِيمٞ ١٨ [النحل: 18]

**അല്ലാഹുവിൻറെ അനുഗ്രഹങ്ങൾ നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിൻറെ കണക്കെടുക്കാനാവില്ല.**

അങ്ങനെയുള്ള അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ മഹത്തരമായ ഒന്നാണ് നമ്മുടെ നാവ് എന്നത്. അല്ലാഹു നമുക്ക് നൽകിയ ഏത് അനുഗ്രഹത്തിനും നന്ദി കാണിക്കേണ്ടത് ആ അനുഗ്രഹത്തെ അല്ലാഹുവിന് തൃപ്തിയുള്ള രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ടാണ്.

നാവിനാൽ ധാരാളം കുഴപ്പങ്ങളും, പാപങ്ങളും സംഭവിച്ചു കൊണ്ടിരിക്കുന്നു എന്നത് നബി ﷺ അറിയിച്ചിട്ടുമുണ്ട്. അവിടുന്ന് ﷺ പറഞ്ഞു:

**أكثرُ خطايا ابنِ آدمَ في لسانِه**

**മനുഷ്യർക്ക് സംഭവിക്കുന്ന തിന്മകളിലധികവും നാവിലൂടെയാണ്.**

**الطبراني (10/243)**

അതുകൊണ്ട് നാവ് എന്ന അല്ലാഹുവിന്റെ വലിയ അനുഗ്രഹത്തിന് നന്ദിയെന്നോണം അതിനെ തിന്മകളിൽ നിന്നും സംരക്ഷിച്ചാൽ നമുക്ക് അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ വർദ്ധിപ്പിച്ചു നൽക്കുന്നതാണ്. എന്നാൽ അതിനെ അഴിച്ചു വിടുകയും, അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയും ചെയ്താൽ നാം അല്ലാഹുവിന്റെ കോപത്തിന് ഇരകളാകുന്നതാണ്.

അല്ലാഹു പറയുന്നു:

وَإِذۡ تَأَذَّنَ رَبُّكُمۡ لَئِن شَكَرۡتُمۡ لَأَزِيدَنَّكُمۡۖ وَلَئِن كَفَرۡتُمۡ إِنَّ عَذَابِي لَشَدِيدٞ ۝٧ [إبراهيم: 7]

**നിങ്ങൾ നന്ദി കാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹങ്ങൾ) വർദ്ധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എൻറെ ശിക്ഷ കഠിനമായിരിക്കും.**

നാവെന്ന അനുഗ്രഹത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. അവൻ പറയുന്നു:

أَلَمۡ نَجۡعَل لَّهُۥ عَيۡنَيۡنِ ۝٨ وَلِسَانٗا وَشَفَتَيۡنِ ۝٩ [البلد: 8-9]

**അവന് നാം രണ്ട് കണ്ണുകളും, ഒരു നാവും, രണ്ടു ചുണ്ടുകളും ഉണ്ടാക്കി കൊടുത്തിട്ടില്ലേ?!**

അതെ അല്ലാഹു ഈ മഹത്തരമായ രണ്ടു അനുഗ്രഹങ്ങൾ നമുക്ക് നൽകിയിരിക്കുന്നു. രണ്ടു കണ്ണുകൾ; അത് കൊണ്ട് നാം കാണുന്നു. അതുപോലെ നാവും, രണ്ടു ചുണ്ടുകളും അവയുടെ സഹായത്താൽ നാം സംസാരിക്കുന്നു. രണ്ടു കണ്ണുകൾക്ക് മൂടിയായി പുരികങ്ങളെ അല്ലാഹു സംവിധാനിച്ചതു പോലെ നാവിനു മൂടിയായി രണ്ടു ചുണ്ടുകളെ അവൻ നമുക്ക് നൽകിയിരിക്കുന്നു. എത്ര മനോഹരമായ അനുഗ്രഹമാണിത്!. എത്ര വലിയ ദാനമാണിത്. ഈ അനുഗ്രഹങ്ങൾക്ക് നാം നന്ദി കാണിച്ചുവോ?. ഈ അനുഗ്രഹം അല്ലാഹുവിന് തൃപ്തിയും ഇഷ്ടവുമുള്ള മേഖലയിൽ നാം ഉപയോഗപ്പെടുത്തിയോ?.

റബ്ബിന്റെ അനുഗ്രഹങ്ങളായ കണ്ണിന്റെയും നാവിന്റെയും പേരിൽ അവനോട് നന്ദി കാണിക്കുക എന്നത് ആ അനുഗ്രഹങ്ങളെ അല്ലാഹുവിനെ അനുസരിക്കുന്ന കാര്യത്തിലല്ലാതെ ഉപയോഗിക്കാതിരിക്കുകയും, അവന് കോപമുണ്ടാക്കുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അവയെ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ്. ആർക്കാണോ അല്ലാഹു കണ്ണിനെയും നാവിനെയും സൂക്ഷിക്കാനുള്ള തൗഫീഖ് നൽകിയത് അവന് ദുനിയാവിലും പരലോകത്തും ധാരാളം നന്മകളും, എണ്ണിക്കണക്കാക്കാൻ സാധിക്കാത്ത അത്ര നേട്ടങ്ങളും, ഗുണങ്ങളും ലഭിക്കുന്നതാണ്.

## നാവിനെ സൂക്ഷിച്ചാൽ നമുക്ക് ലഭ്യമാകുന്ന ചില നേട്ടങ്ങൾ താഴെ കുറിക്കാം.

**(1) നാവിനെ സൂക്ഷിക്കുക എന്നത് നമ്മുടെ പ്രവർത്തനങ്ങൾ നന്നാകുവാനും, പാപങ്ങൾ പൊറുക്കപ്പെടുവാനും കാരണമാകുന്നു.**

അല്ലാഹു പറയുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَقُولُوا۟ قَوْلًا سَدِيدًا ﴿٧٠﴾ يُصْلِحْ لَكُمْ أَعْمَٰلَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧١﴾ [الأحزاب: 70-71]

**സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങൾ നന്നാക്കിത്തരികയും, നിങ്ങളുടെ പാപങ്ങൾ അവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവൻറെ റസൂലിനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു.**

**(2) നാവിനെ സൂക്ഷിക്കുന്നതിലൂടെ ഒരുവന് സ്വർഗം നിർബന്ധമാകുന്നു.**

സഹ്ൽ ബ്നു സഅ്ദ് رضي الله عنه രിവായത്ത് ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു:

**" مَنْ يَضْمَنْ لِي مَا بَيْنَ لَحْيَيْهِ، وَمَا بَيْنَ رِجْلَيْهِ أَضْمَنْ لَهُ الْجَنَّةَ"**

**തന്റെ രണ്ട് താടിയെല്ലിന് ഇടയിലുള്ളതിനേയും, രണ്ട് തുടകൾക്കിടയിലുള്ളതിനേയും സൂക്ഷികാമെന്ന് ആരാണോ എനിക്ക് ഉറപ്പു നൽകുന്നത് അവന് ഞാൻ സ്വർഗം ഉറപ്പു നൽകാം.**

**البخاري (6474)**

ഉറപ്പ് നൽകിയത് നബി ﷺ യും, ഉറപ്പു നൽകപ്പെട്ടത് സ്വർഗ്ഗവും. നാം ചെയ്യേണ്ടത് നമ്മുടെ ലൈംഗികാവയവവും നാവും സൂക്ഷിക്കുക എന്നതുമാണ്.

**(3) നാവിനെ സൂക്ഷിക്കുന്നതിലൂടെ ദുനിയാവിലും പരലോകത്തും വിജയം നേടാൻ നമുക്ക് സാധിക്കും.**

ഉഖ്ബത് ബ്നു ആമിർ ﵁ പറയുന്നു: ഞാൻ നബി ﷺ യോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ എന്താണ് വിജയം?. അവിടുന്ന് ﷺ പറഞ്ഞു:

**"امْلِكْ عَلَيْكَ لِسَانَكَ، وَلْيَسَعْكَ بَيْتُكَ، وَابْكِ عَلَى خَطِيئَتِكَ"**

**നീ നിന്റെ നാവിനെ പിടിച്ചു വെക്കുക, നിന്റെ വീട്ടിൽ അടങ്ങി ഇരിക്കുക, നിന്റെ തിന്മകളുടെ പേരിൽ നീ കരയുക.**

**الترمذي (2406)**

മറ്റൊരു ഹദീസിൽ അവിടുന്ന് ﷺ പറഞ്ഞതായി കാണാം:

**" مَنْ صَمَتَ نَجَا"**

**ആർ മൗനം പാലിച്ചുവോ അവൻ വിജയിച്ചിരിക്കുന്നു.**

**الترمذي (2501)**

**(4) നാവിനെ സംരക്ഷിക്കുക എന്നത് നമ്മുടെ എല്ലാ അവയവങ്ങളും നേരെയാകാനുള്ള വളരെ പ്രധാനപ്പെട്ട കാര്യമാണ്.**

നാവിലൂടെ മനസ്സിൽ നിന്ന് പുറത്തു വരുന്ന കാര്യങ്ങളിൽ മറ്റു അവയവങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. നാവിൽ നിന്ന് വരുന്ന സംസാരം നന്മയുള്ളതായാൽ മറ്റു അവയവങ്ങളും നന്മയിലായിരിക്കും. ഇനി അത് തിന്മയാണ് സംസാരിക്കുന്നതെങ്കിൽ മറ്റു അവയങ്ങളും ആ രൂപത്തിൽ തന്നെ ആയിരിക്കും.

അബൂ സഈദ് അൽഖുദ്‌രി ﵁ രിവായത്ത് ചെയ്യുന്ന ഹദീസിൽ നബി ﷺ

പറഞ്ഞു:

**إِذَا أَصْبَحَ ابْنُ آدَمَ فَإِنَّ الْأَعْضَاءَ كُلَّهَا تُكَفِّرُ اللِّسَانَ ، فَتَقُولُ : اتَّقِ اللَّهَ فِينَا، فَإِنَّمَا نَحْنُ بِكَ، فَإِنِ اسْتَقَمْتَ اسْتَقَمْنَا، وَإِنِ اعْوَجَجْتَ اعْوَجَجْنَا**

**ഒരു മനുഷ്യൻ നേരം പുലർന്നാൽ അവന്റെ എല്ലാ അവയവങ്ങളും നാവിനു കീഴൊതുങ്ങുന്നതാണ്. എന്നിട്ടു അവ നാവിനോടായി പറയും: നീ ഞങ്ങളുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുക. കാരണം നീ സംസാരിച്ചതിന്റെ പേരിൽ ഞങ്ങൾ പ്രതി ഫലമോ ശിക്ഷയോ ഏറ്റു വാങ്ങേണ്ടവരാണ്. നീ നേരെ ആയാൽ ഞങ്ങൾ നേരെയാവുകയും, നീ മോശമായാൽ ഞങ്ങൾ മോശമാവുകയും ചെയ്യുന്നതാണ്.**

**الترمذي (2407)**

**(5) നാവിനെ സൂക്ഷിക്കുന്നതിലൂടെ ഒരുവന് അവന്റെ പദവിയിൽ ഉയർച്ചയും, അല്ലാഹുവിന്റെ തൃപ്തിയാലുള്ള വിജയവും കൈവരിക്കുവാൻ സാധിക്കും.**

അബൂ ഹുറൈയ്റ ﵁ രിവായത്ത് ചെയ്യുന്ന ഹദീസിൽ നബി ﷺ പറയുന്നു:

**إِنَّ الْعَبْدَ لَيَتَكَلَّمُ بِالْكَلِمَةِ مِنْ رِضْوَانِ اللَّهِ لَا يُلْقِي لَهَا بَالًا يَرْفَعُهُ اللَّهُ بِهَا دَرَجَاتٍ**

**ഒരടിമ യാതൊരു വിലയും കൽപ്പിക്കാതെ അല്ലാഹുവിന് ഇഷ്ട്ടമുള്ള ഒരു വാക്ക് പറ യുകയും, അതു മൂലം അല്ലാഹു അവന്റെ പദവികൾ ഉയർത്തുകയും ചെയ്യുന്നതാണ്.**

**البخاري (6478)**

മറ്റൊരു ഹദീസിൽ അവിടുന്ന് ﷺ പറഞ്ഞു:

**"إِنَّ أَحَدَكُمْ لَيَتَكَلَّمُ بِالْكَلِمَةِ مِنْ رِضْوَانِ اللَّهِ مَا يَظُنُّ أَنْ تَبْلُغَ مَا بَلَغَتْ، فَيَكْتُبُ اللَّهُ لَهُ بِهَا رِضْوَانَهُ إِلَى يَوْمِ يَلْقَاهُ، وَإِنَّ أَحَدَكُمْ لَيَتَكَلَّمُ بِالْكَلِمَةِ مِنْ سَخَطِ اللَّهِ مَا يَظُنُّ أَنْ تَبْلُغَ مَا بَلَغَتْ، فَيَكْتُبُ اللَّهُ عَلَيْهِ بِهَا سَخَطَهُ إِلَى يَوْمِ يَلْقَاهُ"**

**പറയുന്ന വാക്ക് തന്നെ എത്തിക്കുന്ന ഉന്നതമായ സ്ഥാനത്തെ കുറിച്ച് ചിന്തിക്കുക പോലുമില്ലാതെ നിങ്ങളിലൊരാൾ അല്ലാഹുവിന് ഇഷ്ട്ടമുള്ള ഒരു വാക്ക് പറയുകയും,**

അങ്ങനെ ആ വാക്ക് കാരണത്താൽ അല്ലാഹു അവനെ കണ്ടു മുട്ടുന്നത് വരേയ്ക്കും അവന്റെ മേൽ തൃപ്തി രേഖപ്പെടുത്തുന്നതുമാണ്.

الترمذي (2319)

**(6) നാവിനെ സൂക്ഷിക്കുക എന്നത് എല്ലാ നന്മയുടെയും അടിസ്ഥാനവും, എല്ലാ കാര്യങ്ങളുടെയും പൂർത്തീകരണവുമാണ്.**

നബി ﷺ മുആദ് رضي الله عنه വിന് നൽകിയ ഉപദേശങ്ങൾ അടങ്ങിയ ഒരു ഹദീസിൽ അവിടുന്ന് ﷺ അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു:

"أَلَا أُخْبِرُكَ بِمَلَاكِ ذَلِكَ كُلِّهِ؟ قُلْتُ : بَلَى يَا نَبِيَّ اللَّهِ. فَأَخَذَ بِلِسَانِهِ قَالَ: كُفَّ عَلَيْكَ هَذَا. فَقُلْتُ : يَا نَبِيَّ اللَّهِ، وَإِنَّا لَمُؤَاخَذُونَ بِمَا نَتَكَلَّمُ بِهِ ؟ فَقَالَ: ثَكِلَتْكَ أُمُّكَ يَا مُعَاذُ، وَهَلْ يَكُبُّ النَّاسَ فِي النَّارِ عَلَى وُجُوهِهِمْ - أَوْ عَلَى مَنَاخِرِهِمْ - إِلَّا حَصَائِدُ أَلْسِنَتِهِمْ"

അല്ലയോ മുആദ്, ഈ കാര്യങ്ങളുടെയെല്ലാം പൂർത്തീകരണത്തിനെ കുറിച്ച് ഞാൻ നിനക്ക് അറിയിച്ചു തരട്ടയോ? അദ്ദേഹം പറഞ്ഞു: അതെ റസൂലേ. അപ്പോൾ അവിടുന്ന് ﷺ തന്റെ നാവ് പിടിക്കുകയും, എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്തു: നീ ഇതിനെ പിടിച്ചു വെക്കുക. അപ്പോൾ അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ഞങ്ങൾ സംസാരിച്ചതിന്റെ പേരിൽ ഞങ്ങൾ ശിക്ഷിക്കപ്പെടുമോ?!. അപ്പോൾ അവിടുന്ന് ﷺ പറഞ്ഞു: ജനങ്ങൾ നരകത്തിലേക്ക് അവരുടെ മുഖം കുത്തി വീഴുന്നത് അവരുടെ നാവുകൾ കൊയ്തെടുത്തതു കൊണ്ടല്ലാതെ മറ്റൊന്നുമല്ല!.

الترمذي (2616)

യൂനുസ് ബ്നു ഉബൈദ് رحمه الله പറഞ്ഞു:

ما رأيت أحدا لسانه منه على بال إلا رأيت ذلك صلاحا في سائر عمله

നാവിനെ സൂക്ഷിച്ച് കൈകാര്യം ചെയ്യുന്ന ഓരോ വ്യക്തിയുടെയും സകല പ്രവർത്തനങ്ങളും നല്ല നിലയിലാകാതെ ഞാൻ കണ്ടിട്ടില്ല.

جامع العلوم والحكم (2/149)

യഹ്യ ബ്നു അബീ കസീർ ﵀ പറഞ്ഞു:

**ما صلح منطق رجل إلا عرفت ذلك في سائر عمله ولا فسد منطق رجل قط إلا عرفت ذلك في سائر عمله**

**ഒരുവന്റെ സംസാരം നേരെയായാൽ അത് അവന്റെ മറ്റു പ്രവർത്തനങ്ങളിൽ കാണാതിരിക്കില്ല. ഒരുവന്റെ സംസാരം മോശമായാൽ അതും അവന്റെ മറ്റ് പ്രവർത്തനങ്ങളിൽ കാണാതിരിക്കുകയില്ല.**

**حلية الأولياء (3/20)**

മുബാറക് ബ്നു ഫദ്വാല യൂനുസ് ബ്നു ഉബൈദിൽ നിന്ന് ഉദ്ദരിക്കുന്നു:

**لا تجد شيئا من البر واحدا يتبعه البر كله غير اللسان لا يتكلم إلا بحق فيخالف ذلك عمله أبدا**

**"നന്മയുടെ കാര്യത്തിൽ ഒന്നിനെ മറ്റെല്ലാം പിൻപറ്റുന്നത് നാവിന്റെ കാര്യത്തിലല്ലാതെ നിനക്ക് കാണുവാൻ സാധിക്കില്ല. മാന്യമായി സംസാരിക്കുന്നവന്റെ പ്രവർത്തനങ്ങൾ ഒരിക്കലും അവന്റെ സംസാരത്തോട് എതിരാവുകയില്ല തന്നെ."**

**جامع العلوم والحكم (2/149)**

അഥവാ, അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് ആര് തന്റെ നാവിനെ സൂക്ഷിച്ചുവോ അത് അവന്റെ മറ്റെല്ലാ പ്രവർത്തനങ്ങളും നേരെയാകാനുള്ള കാരണമാകുന്നതാണ്.

**(7) നാവിനെ സൂക്ഷിക്കുക എന്നത് ഈമാനിന്റെ അടയാളവും, ദീനിന്റെ ലക്ഷണവുമാണ്. അതുപോലെ ഒരുവന്റെ റബ്ബിനോടുള്ള ബന്ധം എത്രത്തോളമാണ് എന്നതും അതറിയിക്കുന്നു.**

നബി ﷺ പറയുന്നു:

**وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ**

**"ആര് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവോ അവൻ നല്ലത് പറയട്ടെ അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ."**

**مسلم (47)**

മറ്റൊരു ഹദീസിൽ അവിടുന്ന് ﷺ പറഞ്ഞതായി കാണാം:

**لَا يَسْتَقِيمُ إِيمَانُ عَبْدٍ حَتَّى يَسْتَقِيمَ قَلْبُهُ، وَلَا يَسْتَقِيمُ قَلْبُهُ حَتَّى يَسْتَقِيمَ لِسَانُهُ**

**"ഒരുവന്റെ ഹൃദയം ശരിയാകുന്നത് വരെ അവന്റെ ഈമാൻ ശരിയാവുകയില്ല. ഒരുവന്റെ നാവ് ശരിയാകാതെ അവന്റെ ഹൃദയവും ശരിയാവുകയില്ല."**

**أحمد (13048)**

## സമാപനം

നാവിനെ സൂക്ഷിക്കുന്നതിലൂടെ നേടിയെടുക്കാൻ സാധിക്കുന്ന ചില കാര്യങ്ങളാണ് നാം സൂചിപ്പിച്ചത്. ഓരോ മുസ്‌ലിമും നാവെന്ന അല്ലാഹുവിന്റെ മഹത്തരമായ അനുഗ്രഹത്തെ തിരിച്ചറിയേണ്ടതുണ്ട്. അത് മുഖേന അവൻ നമ്മെ ആദരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഈ അനുഗ്രഹമില്ലായിരുന്നെങ്കിൽ ഒരൊറ്റ വാചകം പോലും ഉച്ചരിക്കാൻ നമുക്ക് സാധിക്കില്ലായിരുന്നു. അത് കൊണ്ട് ഈ അനുഗ്രഹത്തിന്റെ വില മനസ്സിലാക്കുകയും, അതിനെ സൂക്ഷിക്കുകയും, ദുനിയാവിലും പരലോകത്തും മോശമായ പര്യവസാനവും, വേദനാജനകമായ അനുഭവങ്ങളും നൽകുന്ന നാവിന്റെ എല്ലാ അപകടങ്ങളിൽ നിന്നും അതിനെ സംരക്ഷിക്കുകയും ചെയ്യുക. അപ്രകാരം ആര് അതിനെ കാത്തു സൂക്ഷിക്കുന്നുവോ അവന് ഇഹപര ജീവിതത്തിൽ ധാരാളം നന്മകളും നേട്ടങ്ങളും കരകതമാകുന്നതാണ്.

ഒരു മനുഷ്യൻ സംസാരിക്കുന്നതിന് മുൻപ് അതിനെ കുറിച്ച് ചിന്തിക്കുക എന്നത് എത്ര നല്ല മര്യാദയാണ്. ആരെങ്കിലും താൻ സംസാരിക്കാൻ പോകുന്നതിനെ കുറിച്ച് ചിന്തിച്ചാൽ മൂന്ന് അവസ്ഥകളാണ് അവനുണ്ടാവുക.

**ഒന്ന്**: ഒന്നുകിൽ സംസാരിക്കാൻ പോകുന്ന കാര്യം പൂർണമായ നന്മയാണെന്ന് അവന് ബോധ്യമാകും. അപ്പോൾ അവനത് സംസാരിച്ചു കൊള്ളട്ടെ. അതിൽ പ്രശ്നം ഇല്ല.

**രണ്ട്**: അതല്ലെങ്കിൽ സംസാരിക്കാൻ പോകുന്ന കാര്യം പരദൂഷണം, കളവ്, പരിഹാസം തുടങ്ങിയ തീർത്തും തിന്മയായ കാര്യമാണെന്ന് അവന് മനസ്സിലാകും. അപ്പോൾ അവൻ സംസാരിക്കാതെ അവന്റെ നാവിനെ പിടിച്ചു വെക്കട്ടെ.

**മൂന്ന്**: അതുമല്ലെങ്കിൽ മേൽപ്പറഞ്ഞ രണ്ടിനുമിടയിൽ സംശയാസ്പദമായ ചില സംസാരങ്ങൾ അത് നന്മയാണെന്നോ, തിന്മയാണെന്നോ അവന് മനസ്സിലാകില്ല. അതും വ്യക്തമായ നന്മ ആണെന്ന് ബോധ്യമാകുന്നത് വരെ സംസാരിക്കുവാൻ പാടുള്ളതല്ല.

കാരണം നബി ﷺ പറഞ്ഞു:

**فَمَنِ اتَّقَى الشُّبُهَاتِ اسْتَبْرَأَ لِدِينِهِ وَعِرْضِهِ**

**ആരെങ്കിലും സംശയാസ്പദമായ കാര്യങ്ങൾ സൂക്ഷിച്ചാൽ അവൻ തന്റെ ദീനിനെയും അഭിമാനത്തെയും സംരക്ഷിച്ചിരിക്കുന്നു.**

**مسلم (1599)**

മറ്റൊരു ഹദീസിൽ അവിടുന്ന് ﷺ ഇപ്രകാരം പറഞ്ഞതായി കാണാം:

**دَعْ مَا يَرِيبُكَ إِلَى مَا لَا يَرِيبُكَ**

**നീ സംശയമുള്ളതിനെ ഉപേക്ഷിക്കുകയും, സംശയമില്ലാത്തതിനെ സ്വീകരിക്കുകയും ചെയ്യുക.**

**النسائي (5398)**

അല്ലാഹു നമുക്കേവർക്കും നമ്മുടെ നാവിനെ സൂക്ഷിക്കുവാനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.